Parish Bulletin - Aug 19, 2018

# St. Mary's Knanaya Catholic Parish

**7800 W. Lyons, Morton Grove, IL. 60053**

*www.smkcparish.us . 847 919 5279*




**Pastor:** Rev. Fr. Thomas Mulavanal
*eMail: mulavan@hotmail.com Ph: 310 709 5111*
***Associate Pastor:*** *Rev. Fr. Bins Chethalayil Ph: 281 818 6518*
***Secretary:*** *Rev. Sr.Sylverious SVM Ph: 224 432 3217*

***Trustees:***
*(Coordinator) Tito Kandarappallil Ph: 847 323 3109*
*Polson Kulangara Ph: 847 207 1274*
*Joy Chemmachel Ph: 312 560 1600*
*Siby Kaithakkathottiyil Ph: 773 620 1202*
*Tony Kizhakkekuttu ph: 847 736 5151*

## HOLY MASS SCHEDULE

**SUNDAY**

07:45am Holy Mass in Malayalam
10:00am Holy Mass in Malayalam
11:45am Holy Mass in English
05:30pm Holy Mass in Malayalam

**MONDAY — THURSDAY**

07:00pm Holy Mass in Malayalam

**TUESDAY**

After Mass Novena to St. Anthony

**THURSDAY**

After Mass Novena to St. Jude

**FRIDAY**

06:00pm Holy Mass in Malayalam

**SATURDAY**

10:00am Holy Mass in Malayalam followed by Novena to Our Lady of Perpetual Help

| Description | Collection Amount |
|---|---|
| Novena St.Antony | 94.00 |
| Statue Collection | 65.00 |
| Feast Collection - Auction | 10.00 |
| Special Collection - Flood Relief | 280.00 |
| Novena St.Jude | 143.00 |
| Annual Contribution | 500.00 |
| Building Usage | 2100.00 |
| Youth 2K18 Feast Sponsors | 200.00 |
| Novena -Our Lady of Perpetual Help | 21.00 |
| Sunday Regular Collection | 1823.00 |
| Total Collection for the Week Ending On 08/12/2018 | 5236.00 |



## വരും നാളുകളിൽ

| | |
|---|---|
| Aug 17 to 19 | **Youth Perunnal 2018** |
| Nov 23 to 26 | റവ.ഫാ.ഡോമിനിക്ക് വാള്മനാൽ നയിക്കുന്ന ത്രിദിന ബൈബിൾ കൺവെൻഷൻ |

## Wedding Banns

### *Tomy Philip Nedumchira*

**Wedding of Tomy Philip s/o Raju (Philip Thomas) and Jancy Philip from Nedumchira family of St. Mary's Knanaya Catholic Church, Morton Grove, Chicago with Anita Thomas d/o Lukose Thomas and Elsamma Thomas from Klakeel family of St. Mary's Knanaya Catholic Church, Morton Grove, Chicago is scheduled on September 8, 2018.**

### *Geena Joys Joseph Puthenparambil*

**Wedding of Geena d/o Joys Joseph and Ruby Joys from Puthenparambil family of St. Mary's Knanaya Catholic Church, Morton Grove, Chicago with Abilash Mathew s/o Lukose Mathew and Shirly Mathew from Keezhangattu family of St. Mary's Knanaya catholic Parish, Rockland, New York is scheduled on September 15, 2018.**

### *Toby Thomas Mattathiparampil*

**Wedding of Toby s/o George Thomas and Ancy Thomas from Mattathiparampil family of St. Mary's Knanaya Catholic Church, Morton Grove, Chicago with Sherin Korah d/o Korah Kuriakose and Betty Korah from Vadavuparampil family of Christ the King Knanaya Catholic Parish, Dallas is scheduled on September 8, 2018.**

**If there is any canonical impediments, kindly inform the pastor's office.**

### *മോർട്ടൺഗ്രോവ് സെ.മേരീസിൽ പ്രധാന തിരുനാളിന് കൊടിയേറി*

**മോർട്ടൺഗ്രോവ് സെ.മേരീസ് ദേവാലയത്തിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 12 മുതൽ 19 വരെ നടത്തപ്പെടുന്ന മാതാവിൻറെ സ്വർഗ്ഗാരോഹണ തിരുനാളിന് കൊടിയേറി. പ്രാരംഭ ദിനമായ ഓഗസ്റ്റ് 12-ന് ഞായറാഴ്ച രാവിലെ 10 മണിക്ക് നടന്ന വിശുദ്ധ കുർബാനയിലും തിരുനാൾ ആഘോഷങ്ങളുടെ തുടക്കമായ പതാക ഉയർത്തൽ കർമ്മങ്ങളിലും ഇടവക വികാരി റെവ.ഫാദർ തോമസ് മുളവനാൽ മുഖ്യകാർമികത്വം വഹിച്ചു. സഹകാർമികനായിരുന്ന അസി.വികാരി ഫാദർ ബിൻസ് ചേത്തലിൽ വചനസന്ദേശം നടത്തി.വേദനകളെ വേദമാക്കി മാറ്റിയും നിറഞ്ഞ കണ്ണുകളെ തുളുമ്പാതെ സൂക്ഷിച്ചവളുമായിരുന്ന പരിശുദ്ധ അമ്മ, തൻറെ സ്വപ്നങ്ങളും പ്രാർത്ഥനകളും ജീവിതത്തിൽ നിഷേധിച്ചപ്പോൾ ഒരു നിഷേധിയായി മാറാതെ എപ്പോഴും ദൈവഹിതത്തിനു കീഴടങ്ങിയവളുമാണ് പരി.അമ്മയെന്നും ബഹു. ബിൻസ് അച്ചൻ തൻറെ വചനസന്ദേശത്തിൽ ജനങ്ങളെ ഉദ്ബോധിപ്പിച്ചു. തൻറെ ജനനം മുതൽ മരണം വരെ കൂടെ കൊണ്ടുനടന്ന യേശുനാഥനെ പോലെ പരി. അമ്മയെ കൂടെ ചേർത്തു പിടിക്കുന്നതിന്റെ സൗഭാഗ്യം നാം അനുഭവിച്ചറിയണമെന്നും അദ്ദേഹം തൻറെ വചനസന്ദേശത്തിൽ കൂട്ടിച്ചേർത്തു.ആദ്യമായിട്ടാണ് ഇടവകയിലെ പ്രധാന തിരുനാൾ യുവജനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തുന്നത്. ആഘോഷങ്ങളിൽ മാത്രം ഒതുങ്ങാതെ വിവിധ കാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ഒരുക്കങ്ങളുമായി ട്ടാണ് അവർ ഈ വർഷത്തെ തിരുനാൾ നടത്തിപ്പിനായി തയ്യാറെടുക്കുന്നത്. തിരുനാളിനായി സമാഹരിച്ച തുകയിൽ നിന്നും ചിലവുകൾ കുറച്ച് കൂടുതൽ പണം കേരളത്തിലെ വിവിധ കാരുണ്യ പ്രവർത്തന കേന്ദ്രങ്ങൾക്ക് നൽകുക എന്നതാണ് ലക്ഷ്യം. യുവജനങ്ങളുടെ നേതൃത്വത്തിൽ മുതിർന്നവരെയും ഉൾപ്പെടുത്തി ഈ വർഷത്തെ തിരുനാളിനോടനുബന്ധിച്ചുള്ള കൾച്ചറൽ പ്രോഗ്രം ശനിയാഴ്ച വൈകിട്ട് ഏഴുമണിക്ക് നടക്കും. ആഘോഷമായ തിരുനാൾ റാസകുർബാന ഞായറാഴ്ച വൈകിട്ട് മൂന്ന് മണിക്ക് ആരംഭിക്കും. ഒരാഴ്ച നീണ്ടുനിൽക്കുന്ന തിരുനാൾ ആഘോഷങ്ങളിൽ നടത്തുന്ന ആരാധന കർമ്മങ്ങളുടെ തീയതിയും, സമയംവിവരങ്ങളും വിവരിച്ചുകൊണ്ടുള്ള വാർത്താപത്രിക ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്**

**കൈത്താക്കാലം ഏഴാം ഞായർ / Seventh Sunday of Kaitha**

| Aug 19 | PASSAGE | 10:00 AM Mass | 11:45 AM English Mass |
|---|---|---|---|
| 1st Reading | Gen 17: 15– 27 | Tessa Annu Taju (Malayalam) | |
| 2nd Reading | Exo 15 : 11-18 | Sherine Mathew (English) | |
| 3rd Reading | Act 1 : 06-14 | Amalu Makil (Malayalam) | |
| Gospel | Lk 18 : 01—8 | | |

# KNANAYA CATHOLIC REGION

**ST. THOMAS SYRO-MALABAR CATHOLIC DIOCESE OF CHICAGO**

**Vicar General and Knanaya Regional Director: Rev. Fr. Thomas Mulavanal**

541 N Willow Rd, Elmhurst, IL 60126. (310) 709 5111

mulavan@hotmail.com www.knanayaregion.us


Circular: 05/2018 August 18, 2018

ബഹുമാനപ്പെട്ട അച്ചാ, പ്രിയ ക്നാനായ സഹോദരങ്ങളെ,

കേരള ചരിത്രത്തിലെ ഏറ്റവും വലിയ പേമാരിയും പ്രളയവും, വർണ്ണനാതീതമായ ദുരിതങ്ങളും നഷ്ടങ്ങളുമാണ് വരുത്തി വെച്ചു കൊണ്ടിരിക്കുന്നത്. പ്രളയ കെടുതിയിലും ഉരുൾപൊട്ടലിലുമായി അനവധി മനുഷ്യരുടെ ജീവൻ തന്നെ നഷ്ടമായി. ഗവൺമെന്റും സന്നദ്ധ സംഘടനകളും രക്ഷാപ്രവർത്തനങ്ങൾ പരമാവധി നടത്തികൊണ്ടിരിക്കുന്നു. പുനരധിവാസ കേന്ദ്രങ്ങളിൽ കഴിയുന്നവർക്കും ഭവനരഹിതരായവർക്കും, പാർപ്പിടങ്ങളും യാത്രാസൗകര്യങ്ങളും വസ്തുവകകളും നഷ്ടപ്പെട്ടവർക്കും, സമാശ്വാസത്തിൻറെ ശക്തി പകരുവാൻ നമ്മുടെ പ്രാർത്ഥനകളും ത്യാഗപൂർണമായ പങ്കുവയ്ക്കലുകളും വളരെ അത്യാവശ്യമാണ്. ക്നാനായ റീജിയനിലെ എല്ലാ ഇടവകകളിലും പ്രളയ ബാധിതരായവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥനകൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

കോട്ടയം അതിരൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗങ്ങളായ കോട്ടയം സോഷ്യൽ സർവീസ്, മലബാർ സോഷ്യൽ സർവീസ്, ഹൈറേഞ്ച് ഗ്രീൻവാലി ഡെവലപ്മെൻറ് സൊസൈറ്റി മുതലായവ വഴി ജീവൻരക്ഷ പ്രവർത്തനങ്ങൾക്കും പുനരധിവാസ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി വരുന്നു. പ്രളയബാധിത പ്രദേശങ്ങളിലെ നമ്മുടെ പള്ളികളും സ്ഥാപനങ്ങളും ദുരിതാശ്വാസ ക്യാമ്പുകൾക്കായി തുറന്നു കൊടുക്കുകയും, ഭക്ഷണം വസ്ത്രം മരുന്ന് തുടങ്ങിയവ ലഭ്യമാക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തു കൊണ്ടിരിക്കുന്നു. മഴക്കെടുതി വിട്ടു മാറിയാലും, പുനരധിവാസത്തിനും സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരുവാനും വേണ്ടിവരുന്ന ചിലവുകൾ വളരെ വലുതായിരിക്കും.

ഈ സാഹചര്യത്തിൽ നോർത്ത് അമേരിക്കയിലെ ക്നാനായ സഹോദരങ്ങൾ ഒന്നടങ്കം തങ്ങളുടെ പരമാവധി സഹായം എത്തിച്ചു കൊടുക്കുവാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാം ഇടവകകളിലും മിഷനുകളിലും ഈ ആഴ്ചയിൽ പ്രത്യേക സാമ്പത്തിക സമാഹരണം നടത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. റീജിയനിൽ പ്രവർത്തിക്കുന്ന വൈദികരും തങ്ങളുടെ വരുമാനത്തിന്റെ ഒരു വിഹിതം ഈ നിയോഗത്തിലേക്ക് മാറ്റിവയ്ക്കുവാൻ സന്നദ്ധരായിട്ടുണ്ട്. ഇടവകകളും മിഷനുകകളും വഴി സമാഹരിക്കുന്ന തുക, കോട്ടയം അതിരൂപതയിലെ ദുരിതാശ്വാസനിധിയിലേക്ക് എത്തിക്കുവാൻ ക്നാനായ റീജിയൻ ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. ക്നാനായ റീജിയൻ വഴി കോട്ടയം അതിരൂപതയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് നേരിട്ട് അയയ്ക്കാൻ ആഗ്രഹിക്കുന്നവർക്ക് ക്നാനായ കാത്തലിക് റീജിയൻ ചേസ് ബാങ്ക് അക്കൗണ്ട് നമ്പർ 119878620 ൽ ഡിപ്പോസിറ്റ് ചെയ്യാവുന്നതാണ്. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം,

[signature]

റവ. ഫാ. തോമസ് മുളവനാൽ

വികാരി ജനറാൾ / ക്നാനായ റീജിയൻ ഡയറക്ടർ

# ദൈവവുമായുള്ള ബന്ധം ഒരിക്കലും ഒരു ബന്ധനമായി തോന്നരുത്: ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസ്



തിക്കും തിരക്കും നിറഞ്ഞ ഈ ലോകത്തിലായിരിക്കുമ്പോൾ ദൈവവുമായുള്ള ബന്ധം ഒരു ബന്ധനമായി തോന്നരുതെന്നും പരിശുദ്ധ അമ്മയുടെ സഹായത്തോടെ ആ ബന്ധത്തിലേക്ക് നാം എത്തിപ്പെടണമെന്നും സെ.മേരീസ് ദേവാലയത്തിലെ പ്രധാന തിരുനാൾ ആഘോഷ വാരത്തിലെ രണ്ടാം ദിനമായ തിങ്കളാഴ്ച വൈകിട്ട് വി. ബലി അർപ്പിച്ചു ചനസന്ദേശം നല്കുകയായിരുന്നു തിരുവല്ല ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ്. വി.ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന രക്തസ്രാവകാരി സ്ത്രീയുടെ കഥ വിവരിച്ചു കൊണ്ട് അദ്ദേഹം തൻറെ വചനസന്ദേശം തുടർന്നു.വിശ്വാസത്തോടെ യേശുവിനെ തൊട്ടാൽ ദൈവത്തിൻറെ ശക്തി നമ്മളിലേക്ക് ഒഴുകിയെത്തുമെന്നും അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. മലങ്കര റീത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധ ബലിയിൽ സെ.മേരീസ് ഇടവക വികാരി മോൺസിഞ്ഞോർ.തോമസ് മുളവനാൽ, അസി. വികാരി റെവ.ഫാ. ബിൻസ് ചേത്തലിൽ, റെവ.ഫാ. ബാബു മഠത്തിപ്പറമ്പിൽ എന്നിവർ സഹകാർമികരായിരുന്നു. യുവജനങ്ങൾ ഇടവകയുമായി എങ്ങനെ ബന്ധപ്പെട്ടു ജീവിക്കണമെന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് സ്വന്തം ജീവിതാനുഭവത്തിന്റെ വെളിച്ചത്തിൽ യുവജനപ്രതിനിധിയും അറ്റോർണിയുംമായ മിസ്. റ്റീന നെടുംവാമ്പുഴ ചടങ്ങുകളുടെ സമാപനത്തിൽ ജനങ്ങളുമായി പങ്കുവച്ചു. തിരുനാൾ ആഘോഷ വാരത്തിലെ രണ്ടാം ദിനത്തിൽ നടന്ന ദിവ്യബലിയിലും, നൊവേന പ്രാർത്ഥനയിലും നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു.





**സെ.മേരീസിൽ തിരുനാൾ വാരാഘോഷദിനങ്ങളിൽ നടന്ന വിവിധ ആരാധന കർമ്മങ്ങളുടെ ചിത്ര ദൃശ്യങ്ങൾ.**











# മോർട്ടൺഗ്രോവ് സെ.മേരീസിൽ പ്രധാന തിരുനാളിന് കൊടിയേറി









